**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 383** **29-10-2021 - ൽ മറുപടിയ്ക്ക്**

**ഇറിഗേഷൻ ടൂറിസം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ,<br>ഡോ. എൻ. ജയരാജ്,<br>ശ്രീ. ജോബ് മൈക്കിൾ,<br>ശ്രീ പ്രമോദ് നാരായൺ | | Shri Roshy Augustine<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ജലസേചന വകുപ്പിന്റെ കീഴിലുള്ള ഡാമുകൾ, പുഴകളുടെ പുറമ്പോക്കുകൾ എന്നിവ കേന്ദ്രീകരിച്ച് ഇറിഗേഷൻ ടൂറിസം പദ്ധതി ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ; | (എ) | ജലസേചന വകുപ്പിന്റെ കീഴിലുള്ള ഡാമുകൾ കേന്ദ്രീകരിച്ച് ടൂറിസം പദ്ധതികൾ നിലവിലുണ്ട്. പുഴകളും ജലസംഭരണികളും കേന്ദ്രീകരിച്ചുള്ള പ്രവൃത്തികൾ ജലസേചന വകുപ്പ് ടൂറിസം വകുപ്പിനുവേണ്ടി ഏറ്റെടുത്ത് നടപ്പിലാക്കി വരുന്നു. സംസ്ഥാനത്ത് അടിക്കടി വെള്ളപ്പൊക്കമുണ്ടാകുന്ന സാഹചര്യം നിലവിലുള്ളതിനാൽ പുഴ പുറമ്പോക്ക് കേന്ദ്രീകരിച്ച് ടൂറിസം പദ്ധതി ആരംഭിക്കുന്നതിന് ബന്ധപ്പെട്ട വകുപ്പുകളുമായി സഹകരിച്ച് പ്രത്യേക പഠനം നടത്തി ആവശ്യമായ നടപടികൾ സ്വീകരിക്കുന്ന കാര്യം പരിശോധിക്കാവുന്നതാണ്. |
| (ബി) | അത്തരം ടൂറിസം പദ്ധതികളുടെ മേൽനോട്ട ചുമതല ആരിലാണ് നിക്ഷിപ്തമാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ; പ്രസ്തുത പദ്ധതി ഏതെങ്കിലും സ്ഥലങ്ങളിൽ ആരംഭിച്ചിട്ടുണ്ടോ എന്ന് അറിയിക്കാമോ; | (ബി) | ജലസേചന പദ്ധതികളോടനുബന്ധിച്ചുള്ള ടൂറിസം പദ്ധതികളുടെ മേൽനോട്ടവും നടത്തിപ്പും നിലവിൽ ജലസേചന വകുപ്പും , ടൂറിസം വകുപ്പും സംയുക്തമായാണ് നടത്തുന്നത്. ജലസേചന വകുപ്പിന്റെ കീഴിലുള്ള വിവിധ ഡാമുകൾ കേന്ദ്രീകരിച്ചിട്ടുള്ള ടൂറിസം പദ്ധതികൾ അനുബന്ധമായി ചേർക്കുന്നു. |
| (സി) | പ്രസ്തുത ടൂറിസം പദ്ധതികളുടെ വരുമാനം സംബന്ധിച്ച് എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ പഠനം നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കാമോ; | (സി) | 24/09/2016 ലെ സ.ഉ(സാധാ) നം. 830/2016/ ജവിവ പ്രകാരം ടൂറിസം പദ്ധതികളുടെ വരുമാനത്തിന്റെ 80% അതാത് ടൂറിസം മാനേജ്മെന്റ് കമ്മിറ്റിക്കും, 10% ജലസേചന വകുപ്പിനും, 10% ടൂറിസം വകുപ്പിനുമാണ് നിശ്ചയിച്ചിട്ടുള്ളത്. |
| (ഡി) | പ്രസ്തുത ടൂറിസം പദ്ധതിയുടെ അനന്ത സാധ്യത സംസ്ഥാനത്തിന് വരുമാനദായകമായി മാറുന്ന വിധത്തിൽ വിഭാവനം ചെയ്യുന്നതിനായി പ്രത്യേക സമിതി രൂപീകരിക്കാൻ നടപടി സ്വീകരിക്കുമോ? | (ഡി) | ഡാമുകൾ, പുഴകളുടെ പുറമ്പോക്കുകൾ എന്നിവ കേന്ദ്രീകരിച്ചുള്ള പദ്ധതികൾ നടപ്പാക്കുന്നതിന്, നിലവിലെ പാരിസ്ഥിതിക കാലാവസ്ഥ സാഹചര്യങ്ങൾ പരിഗണിച്ചു കൊണ്ട് വിവിധ വകുപ്പുകളുടെ ഏകോപനവും സഹകരണവും ആവശ്യമാണ്. ഇത് സംബന്ധിച്ച് വിവിധ വശങ്ങൾ |

| | | | |
|---|---|---|---|
| | | | പരിശോധിച്ച ശേഷമേ കൂടുതൽ നടപടികൾ സ്വീകരിക്കാൻ സാധിക്കുകയുള്ളൂ. |

സെക്ഷൻ ഓഫീസർ